**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5536** **15-03-2023 - ൽ മറുപടിയ്ക്ക്**

**കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും ഓണമധുരം പദ്ധതി മുഖേന എറണാകുളം ജില്ലയിലെ ക്ഷീര സംഘങ്ങളിൽ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും എറണാകുളം ജില്ലക്ക് ഓണമധുരം പദ്ധതി മുഖേന 2,30,750/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ ക്ഷീരസംഘങ്ങളിൽ ഓണമധുരം പദ്ധതി പ്രകാരം എത്ര തുക കൂടി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ 256 ക്ഷീരസംഘങ്ങളിലെ അപേക്ഷരുടെ അന്തിമഘട്ട സൂക്ഷ്മ പരിശോധന നടന്നു വരുകയാണ്. ആയതുമായി ബന്ധപ്പെട്ട് 22 ലക്ഷത്തോളം രൂപ നൽകേണ്ടതായുണ്ട്. |
| (സി) | പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ക്ഷീരകർഷകർക്കായി 2022 സാമ്പത്തിക വർഷം ക്ഷീരകർഷക ക്ഷേമനിധി ബോർഡ് തുടങ്ങി വച്ച ഓണമധുരം പദ്ധതി - 2022 മായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ ക്ഷേമനിധി ഹെഡ് ഓഫീസിൽ ലഭ്യമായത് 2022 ഒക്ടോബർ, നവംബർ മാസങ്ങളിലാണ്. ആയതു സംബന്ധിച്ച പദ്ധതിയുടെ രേഖകളിലൂടെ സൂക്ഷ്മപരിശോധന തൊട്ടടുത്ത മാസം മുതൽ തന്നെ ക്ഷേമനിധി ഓഫീസിൽ തുടങ്ങിയിട്ടുണ്ട്. 14 ജില്ലകളിലെയും അപേക്ഷകൾ ജില്ലകളിൽ നിന്നും തപാലുകൾ ഓഫീസിൽ ലഭ്യമാകുന്ന മുൻഗണനാ ക്രമത്തിലാണ് സ്വീകരിച്ചു വരുന്നത്. ജില്ലകളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കുന്നതിൽ ധാരാളം ന്യൂനതകൾ ഉള്ളതിനാൽ പല അപേക്ഷകളും ന്യൂനതാ പരിഹരണത്തിനായി തിരികെ അയക്കേണ്ടതായും ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നു. നിലവിൽ എറണാകുളം ജില്ലയിൽ നിന്നുള്ള അപേക്ഷകളും അന്തിമഘട്ട സൂക്ഷ്മ പരിശോധന നടന്നു വരുകയാണ്. ആയത് സംബന്ധിച്ച് നൽകാനുള്ള തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ